Draft #6 of File 17802/AC A7/3/2019/AC A 10 Approved by ASSISTANT REGISTRAR I (ACADEMIC) on 05-Sep-2019 05:36 PM - Page 1

## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

### സംഗ്രഹം

അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ- കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ഐ.എച്ച്.ആർ.ഡി, ഞീഴൂർ, കടുത്തുരുത്തി- സർവ്വകലാശാല ഉത്തരവിലൂടെ സ്ഥിരമായി നിർത്തലാക്കപ്പെട്ട ബി.എസ്.സി ഇലക്ട്രോണിക്സ് പ്രോഗ്രാമിലേയ്ക്ക് സർവ്വകലാശാലാ ക്യാപിലൂടെ വിദ്യാർത്ഥികളെ അലോട്ട് ചെയ്യുവാനുണ്ടായ സാഹചര്യം പരിശോധിക്കുവാൻ രൂപീകൃതമായ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുവാനും, ബി.എസ് .സി ഇലക്ട്രോണിക്സ് പ്രോഗ്രാം തുടർന്ന് നടത്തുവാൻ അനുവാദം നൽകാനും തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 4296/AC A 7/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.09.2019

---

പരാമർശം:-1)സർവ്വകലാശാല ഉത്തരവ് നമ്പർ 5140/1/17/എ.സി.എ7 തീയതി 21.08 .2017

2)സർവ്വകലാശാല ഉത്തരവ് നമ്പർ 2197/ എ.സി.എ 7/2019/ എം.ജി.യു, തീയതി 22.05.2019.

3)17.08.2019 തീയതി കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 28/ 19.07/ 17802/ എ.സി.എ 7/ 3/ 2019.

### ഉത്തരവ്

ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ഞീഴൂർ,കടുത്തുരുത്തി, കോളേജിലെ ബി.എസ്.സി ഇലക്ട്രോണിക്സ് പ്രോഗ്രാം പരാമർശം (1) പ്രകാരം 2015-16 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കിയിരുന്നു. എന്നാൽ കോളേജിന്റെ പ്രിൻസിപ്പൽ സമർപ്പിച്ച കത്തിൽ, ഈ പ്രോഗ്രാമിലേയ്ക്ക് 2018-19 ഉൾപ്പെടെയുള്ള അധ്യയന വർഷങ്ങളിൽ സർവ്വകലാശാല CAP ലൂടെ വിദ്യാർത്ഥികളെ അലോട്ട് ചെയ്തു നൽകുകയും കുട്ടികൾ പഠനം തുടരുകയും ചെയ്തു വരുന്നതായി അറിയിച്ചിരിന്നു. ടി വിഷയം 2019 മെയ് 18 ന് നടന്ന സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ) പരിഗണിക്കുകയും, പരാമർശം (2) പ്രകാരം 2019-20 വർഷത്തേയ്ക്ക് കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കടുത്തുരുത്തി, കോളേജിൽ ബി.എസ്.സി ഇലക്ട്രോണിക്സ് പ്രോഗ്രാം CAP ൽ ഉൾപ്പെടുത്തുവാനും, സർവ്വകലാശാലാ ഉത്തരവിലൂടെ സ്ഥിരമായി നിർത്തലാക്കപ്പെട്ട പ്രോഗ്രാമിലേക്ക് സർവ്വകലാശാലാ CAP ലൂടെ വിദ്യാർത്ഥികളെ അലോട്ട് ചെയ്യുവാനുണ്ടായ സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പരിശോധന കമ്മീഷണനെ നിയമിച്ചുഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

ടി കമ്മീഷൻ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. 2001 ൽ സ്ഥാപിതമായതാണ് കോളേജ് ഓഫ് അപ്ലൈഡ് സയൻസ്,ഞീഴൂർ (ഐ.എച്ച്.ആർ.ഡി)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

2. അന്ന് മുതൽ ബി.എസ് .സി ഇലക്ട്രോണിക്സ് കോഴ്സ് നടത്തപ്പെടുന്നു.

3.2014-15 വർഷത്തിൽ കുട്ടികളില്ലാത്തതിനാൽ കോഴ്സ് നടത്തിയിരുന്നില്ല.

4.2015-16 വർഷത്തിൽ കോഴ്സ് നിർത്തലാക്കാനുള്ള ഉത്തരവ് നമ്പർ 5140/ 1/ 17/ എ.സി.എ 7 തീയതി 21.08.2017 കോളേജിൽ 13.10.2017 ൽ ലഭ്യമായപ്പോൾ യൂണിവേഴ്സിറ്റിയുടെ CAP ലൂടെ കുട്ടികൾ കോളേജിൽ പഠിക്കുന്നുണ്ടായിരുന്നു.

5. കോഴ്സ് നിർത്തലാക്കാൻ ഫീസ് അടക്കേണ്ടതിനാലും അങ്ങനെ അപേക്ഷിക്കേണ്ട ആവശ്യമില്ലാത്തതിനാലും കോളേജ് അത് ചെയ്തിട്ടില്ല.

17.08.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം ടി കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുവാനും, ബി.എസ്.സി ഇലക്ട്രോണിക്സ് പ്രോഗ്രാം തുടർന്ന് നടത്തുവാൻ കോളേജിന് അനുവാദം നൽകുവാനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ റ്റി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) പ്രിൻസിപ്പൽ/ മാനേജർ, കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ഐ.എച്ച്.ആർ.ഡി, ഞീഴൂർ, കടുത്തുരുത്തി.
2) വി.സി/ പി.വി.സി എന്നിവരുടെ പി.എസ് മാർ
3) രജിസ്ട്രാർ/എഫ്.ഓ/ സി.ഇ എന്നിവരുടെ പി.എ മാർ
4) ജെ.ആർ- 2 (ഭരണം), ഡി.ആർ-1, എ.ആർ-1 (അക്കാദമിക്)
5)എ.സി.ബി 6 (ക്യാപ് സെൽ), എ.സി.സി (സിൻഡിക്കേറ്റ് സെക്ഷൻ
6) കണ്ടന്റ്മാനേജ്മെന്റ് സെക്ഷൻ, ഐ.ക്യു.എ.സി
7) പി.ആർ.ഓ, എൻകചയറി

Draft #6 of File 17802/AC A7/3/2019/AC A 10 Approved by ASSISTANT REGISTRAR I (ACADEMIC) on 05-Sep-2019 05:36 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം